ഇ.ഡി.(ഡി)-45/2020/(1) ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 23/03/2020

# പരിപത്രം

വിഷയം:- ആ.വ.ഡ.-കോവിഡ് 19 -ആശുപത്രികളിൽ തുണികൊണ്ടുള്ള മാസ്ക് ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ -സംബന്ധിച്ച്-

സൂചന:- ആരോഗ്യവകുപ്പിലെ വിദഗ്ധ ടീമിന്റെ നിർദ്ദേശം.

സംസ്ഥാനത്ത് കോവിഡ് 19 രോഗബാധയെ തുടർന്ന് നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് രോഗവ്യാപനം തടയുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പിലെ ആശുപത്രികളിലും ആരോഗ്യപ്രവർത്തകർ കൃത്യമായി പാലിക്കേണ്ടതാണ്.

ആശുപത്രിയിൽ തുണികൊണ്ടുള്ള മാസ്ക് ഉപയോഗിക്കേണ്ടതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

**വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ നിർദ്ദേശ പ്രകാരം മൂന്ന് ലെയർ മാസ്ക് ആണ് അഭികാമ്യം.**

- അത്യാവശ്യ ഘട്ടങ്ങളിൽ മാത്രമേ തുണികൊണ്ടുള്ള മാസ്ക് ഉപയോഗിക്കാൻ പാടുള്ളൂ.
- രോഗീ പരിചരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരും പനി, ചുമ, ജലദോഷം, തുമ്മൽ മുതലായ അസുഖമുള്ളവരും തുണികൊണ്ടുള്ള മാസ്ക് ഉപയോഗിക്കാൻ പാടുള്ളതല്ല.
- ആശുപത്രിയിൽ ലഭിച്ച തുണി മാസ്കുകൾ ആദ്യ ഉപയോഗത്തിന് മുമ്പ് നിർബന്ധമായും autoclave ചെയ്തതിനു ശേഷം മാത്രമേ ജീവനക്കാർക്ക് നൽകാൻ പാടുള്ളൂ.
- മാസ്ക് ധരിക്കുന്നതിന് മുൻപ് കൈകൾ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് വൃത്തിയായി കഴുകുക.
- മൂക്കും വായും മറയ്ക്കത്തക്ക രീതിയിൽ വേണം മാസ്ക് ധരിക്കേണ്ടത്
- ഉപയോഗിക്കുന്നവർ അന്തരീക്ഷ വായുവുമായി സമ്പർക്കം വരാത്ത രീതിയിൽ കൃത്യമായി മാസ്ക് ധരിക്കുക.
- തുടർച്ചയായി രണ്ടു മണിക്കൂർ വരെ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
- ഈ സമയത്തിനുള്ളിൽ നനവ് അനുഭവപ്പെടുകയാണെങ്കിൽ മാറ്റി വേറെ മാസ്ക് ഉപയോഗിക്കേണ്ടതാണ്.
- ഉപയോഗിച്ച മാസ്ക് ഒരു കാരണവശാലും പൊതു സ്ഥലങ്ങളിൽ വലിച്ചെറിയുകയോ/ ആശുപത്രിക്ക് വെളിയിൽ കൊണ്ടുപോകുകയോ ചെയ്യുവാൻ പാടുള്ളതല്ല.
- തുണികൊണ്ടുള്ള മാസ്ക് തിളപ്പിച്ച് ചൂടോടുകൂടിയ വെള്ളത്തിൽ ഇട്ട് 20 മിനിട്ട് വെയ്ക്കുക. തുടർന്ന് സോപ്പ്/ഡിറ്റർജന്റ് ഉപയോഗിച്ച് വൃത്തിയായി കഴുകി അയേൺ ചെയ്യുകയോ നല്ല വെയിലിൽ ഉണക്കിയ ശേഷമോ മാത്രം വീണ്ടും ഉപയോഗിക്കാം. അല്ലെങ്കിൽ ഒരു ശതമാനം ബ്ലീച്ച് സൊല്യൂഷനിൽ ഇരുപത് മിനിറ്റ് മുക്കി വച്ച് കഴുകി ഉണക്കി ഉപയോഗിക്കാം.
- ഓരോ ദിവസവുമുള്ള ഉപയോഗത്തിന് മാസ്ക് വിതരണം ചെയ്യുകയും ആയത് ഉപയോഗത്തിന് ശേഷം തിരിച്ച് സ്വീകരിച്ച് മേൽപറഞ്ഞ പ്രകാരം വൃത്തിയാക്കി അതാത് യൂണിറ്റുകളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.
- മാസ്കുകളുടെ സ്റ്റോക്ക് വിവരം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

- ആശുപത്രിയിലെ എല്ലാ ജീവനക്കാർക്കും മാസ്ക് ഉപയോഗിക്കുന്ന വിധം, കൈകൾ കഴുകുന്ന വിധം, മറ്റ് PPE ഉപയോഗിക്കുന്നവിധം എന്നിവ പ്രത്യേക പരിശീലനം നൽകേണ്ടതാണ്.
- ആശുപത്രിയിൽ പ്രവേശിക്കുന്നതിന് മുൻപും, പുറത്ത് പോകുന്ന സമയത്തും കൈകൾ അണുവിമുക്തമാക്കാണ്ടതാണ്.
- **യാതൊരു കാരണവശാലും ആശുപത്രിയിൽ ഉപയോഗത്തിനായി നൽകിയ മാസ്ക് ആശുപത്രിക്ക് വെളിയിൽ കൊണ്ടുപോകരുത്.**

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട ചുമതല ഉള്ള ഉദ്യോഗസ്ഥർ (നേഴ്സിംഗ് സൂപ്രണ്ട്/ഹെഡ് നേഴ്സ്/ചാർജ്ജ് നേഴ്സ്/യൂണിറ്റ് ഹെഡ്) ഉറപ്പ് വരുത്തേണ്ടതാണ് .

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും ബന്ധപ്പെട്ട കീഴ് സ്ഥാപനങ്ങളിൽ മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

ഡോ. സരിത ആർ. എൽ.
**ആരോഗ്യവകുപ്പ് ഡയറക്ടർ**

പകർപ്പ്:-

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
2. സി.എ. ടു ഡി.എച്ച്.എസ്.
3. എല്ലാ അഡീഷണൽ ഡയറക്ടർമാർ
4. കൺട്രോൾ റൂം.
5. ഫയൽ/കരുതൽ ഫയൽ